ാദിസ്ഥാപനങ്ങൾക്ക് തുക ഒരുമിച്ചടയ്ക്കുന്നതിന് സൗകര്യം നൽകണമെന്ന് ആവശ്യപ്പെട്ടപ്രകാരമാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയത്. ഇപ്രകാരം ഒറ്റത്തവണ തീർപ്പാക്കലിലൂടെ സമാഹരിക്കുന്ന തുക ഒന്നും ലഭ്യമല്ലാതിരുന്ന സാഹചര്യം കണക്കിലെടുക്കുമ്പോൾ ബോർഡിന് ലഭിക്കുന്ന വരുമാനമാർഗ്ഗമായാണ് കണക്കാക്കുന്നത്. ഇപ്രകാരം സമാഹരിക്കുന്ന തുക സവിരനിക്ഷേപമാക്കി അതിൽനിന്ന് വരുമാനമാർഗ്ഗമാക്കി മാറ്റുവാനും സാധിക്കും. അങ്ങനെ വരുമാനനഷ്ടം ഒരുപരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്കുള്ള സർക്കാർ വിഹിതം

156 [1989] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഉൾപ്പെടെ ഇതര ഖാദിസ്ഥാപനങ്ങളിൽനിന്ന് തൊഴിലാളി, തൊഴിലുടമ വിഹിതമായി എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്; കിട്ടാനുള്ള തുകയുടെ സ്റ്റേറ്റ്മെന്റ് സഭാപനഅടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ സർക്കാർ വിഹിതമായി എന്തു തുക ലഭിച്ചു എന്നും ഇനി എന്തു തുക ലഭിക്കുവാനുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ വിഹിതം പൂർണ്ണമായും ലഭിച്ചിട്ട് എത്ര വർഷമായി എന്ന് അറിയിക്കുമോ;

(ഡി) യഥാസമയം സർക്കാർ വിഹിതം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് 2005 മാർച്ച് 31 വരെ ഖാദിസ്ഥാപനങ്ങൾ തൊഴിലാളി-തൊഴിലുടമ വിഹിതമായി അടച്ചുതീർക്കാനുള്ള തുക തിട്ടപ്പെടുത്തുന്നതിന് ബോർഡ് ചാർട്ടേഡ് അക്കൗണ്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് ജോലികൾ നടന്നുവരുന്നു.

(ബി) നാളിതുവരെ സർക്കാർ വിഹിതമായി 1,84,86,767 രൂപ ലഭിച്ചിട്ടുണ്ട്. ബോർഡിലേക്ക് സർക്കാരിൽനിന്നും ലഭിക്കുവാനുള്ള അംശദായം സംബന്ധിച്ച തുക കണക്കാക്കുന്നതിനുള്ള ആഡിറ്റ് ജോലികൾ പുരോഗമിച്ചുവരുന്നു.

(സി) 1996-1997 വർഷത്തിലാണ് സർക്കാർ വിഹിതം പൂർണ്ണമായി ലഭിച്ചത്.

(ഡി) ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചുവരികയാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly